

# ഹരിത സമൃദ്ധമാക്കാം
# നാടും നഗരവും

**തദ്ദേശസ്വയംഭരണ സ്ഥാപന**
**ജനപ്രതിനിധികളുടെ നേതൃത്വത്തിൽ**
**ഏറ്റെടുക്കാവുന്ന**
**ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ**



# ഹരിതകേരളം മിഷൻ

നവകേരള നിർമ്മിതിക്കായി സംസ്ഥാന സർക്കാർ രൂപം നൽകിയ നാലുമിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷൻ സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട മേഖലകളിൽ ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിച്ച് അഞ്ചാം വർഷത്തിലേക്ക് കടക്കുകയാണ്. വെള്ളം, വൃത്തി, വിളവ് എന്ന സവിശേഷ മുദ്രാവാക്യത്തിൽ തന്നെ മിഷന്റെ ലക്ഷ്യങ്ങൾ വ്യക്തമാണ്.

ജലസംരക്ഷണം, ശുചിത്വ-മാലിന്യ സംസ്കരണം, കൃഷി എന്നിവയുമായ ബന്ധപ്പെട്ട മൂന്ന് ഉപ മിഷനുകൾ ചേർന്നതാണ് ഹരിതകേരളം മിഷൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നത്. സംസ്ഥാന, ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിൽ മിഷൻ സംവിധാനം ഉണ്ട്. സംസ്ഥാനതല ഹരിതകേരളം മിഷന്റെ ചെയർമാൻ ബഹു. മുഖ്യമന്ത്രിയും തദ്ദേശ സ്വയംഭരണ സ്ഥാപനതല മിഷന്റെ ചെയർപേഴ്സൺ തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷരുമാണ്.

വിവിധ വകുപ്പുകളേയും ഏജൻസികളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന സഹായക സംവിധാനമായാണ് ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നത്. ഇതിനായി സംസ്ഥാനതല ഓഫീസിനുപുറമേ ജില്ലാതലത്തിൽ ഒരു കോർഡിനേറ്ററും ബ്ലോക്ക് തല ചുമതലയുള്ള റിസോഴ്സ് പേഴ്സൺമാരും നിലവിലുണ്ട്.



# ജലസംരക്ഷണ ഉപമിഷൻ

ലഭിക്കുന്ന മഴയുടെ അളവ് പരിഗണിച്ചാൽ ജലസമൃദ്ധമായ നാടാണ് കേരളം. എന്നാൽ വർഷത്തിൽ 3 മാസത്തിലധികം കൊടുംവരൾച്ചയും ജലക്ഷാമവും നേരിടുന്ന സ്ഥിതിയാണ് സംസ്ഥാനത്തിന്റെ മിക്ക ഭാഗങ്ങളിലും ഉള്ളത്. ലഭ്യമായ ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നതിന്റെ പ്രശ്നം ഇതോടൊപ്പം നിലനിൽക്കുന്നു. കൃഷിക്കും കുടിവെള്ളത്തിനുമുൾപ്പെടെ പ്രയോജനപ്പെടുത്താവുന്ന പല ജലസ്രോതസ്സുകളും ഉപയോഗ ശൂന്യമായി നശിക്കുന്ന സ്ഥിതിയും നിലവിലുണ്ട്. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്തി കേരളത്തിന്റെ ജലസുരക്ഷ ഉറപ്പുവരുത്താൻ ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷനിലെ ജലസംരക്ഷണ ഉപമിഷൻ പ്രവർത്തിക്കുന്നത്.

സംയോജിത നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക, ജലമിത ഉപയോഗത്തിലും മലിനജല പുനരുപയോഗ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലും ഊന്നിയ ജലവിനിയോഗ സംസ്കാരം വളർത്തിയെടുക്കുക, ഭാവിയെക്കൂടി മുന്നിൽക്കണ്ടുകൊണ്ടുള്ള ജലസുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും ഉറപ്പാക്കുക, നിലവിലുള്ള ജലസ്രോതസ്സുകളെ ശുദ്ധീകരിച്ചും നവീകരിച്ചും പരിപാലിക്കുക തുടങ്ങിയവയെല്ലാമാണ് ഈ ഉപമിഷന്റെ പ്രധാന ലക്ഷ്യങ്ങളായി നിർവ്വചിച്ചിട്ടുള്ളത്.

ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കൽ, കിണർ റീചാർജിംഗ്, ക്വാറികളിലെ ജലസംഭരണികളെ പ്രയോജനപ്പെടുത്തൽ, ഭൂജല പോഷണം വഴി പരമാവധി വെള്ളം മണ്ണിലേക്ക് ഇറക്കൽ, ജല മലിനീകരണത്തിനെതിരെയുള്ള



നിയമനടപടികൾ കർശനമായി നടപ്പാക്കൽ, ജല ഓഡിറ്റിംഗും ജല ബജറ്റിംഗും വഴി ജലസുരക്ഷ ഉറപ്പാക്കൽ, ജലഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളൊരുക്കൽ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ നേടുന്നതിനായി നടപ്പിലാക്കി വരുന്നു.

കഴിഞ്ഞ 4 വർഷക്കാലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടി പ്രയോജനപ്പെടുത്തി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഭാഗമായി വലിയ മാറ്റം ദൃശ്യമായി തുടങ്ങിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ തുടർച്ച നഷ്ടപ്പെടാതെ മുന്നോട്ടു പോയാൽ കേരളത്തിന്റെ ജലസുഭിക്ഷതയുടെ പഴയകാലത്തെ തിരിച്ചു കൊണ്ടുവരാനാകുമെന്നാണ് ഈ മാറ്റങ്ങൾ വിളിച്ചോതുന്നത്.



# ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ

വ്യക്തി ശുചിത്വത്തിൽ പുലർത്തുന്ന ജാഗ്രത പൊതു ശുചിത്വത്തിൽ പുലർത്താത്ത സ്ഥിതി കേരളം ഏറെക്കാലമായി നേരിടുന്ന ഒരു പ്രശ്നമാണ്. അതിവേഗം നഗരവത്കരണം നടന്നുകൊണ്ടിരിക്കുന്ന പ്രദേശമായതിനാലുള്ള സ്ഥലപരിമിതി, ഈർപ്പം കൂടുതലുള്ള അന്തരീക്ഷസ്ഥിതി തുടങ്ങി മാലിന്യ പ്രശ്നത്തെ രൂക്ഷമാക്കാനിടയുള്ള ഒട്ടേറെ സാഹചര്യങ്ങൾ കേരളത്തിൽ നിലവിലുണ്ട്. മാലിന്യം രൂപപ്പെടുന്ന സ്ഥലം മുതൽ സുരക്ഷിതമായി സംസ്കരിക്കപ്പെടുന്ന സ്ഥലം വരെയുള്ള പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി മാത്രമേ ഈ പ്രശ്നം പരിഹരിക്കാനാവൂ. ഇതിനായാണ് ഹരിതകേരളം മിഷനിലെ ശുചിത്വ മാലിന്യസംസ്കരണ ഉപമിഷൻ പ്രവർത്തിക്കുന്നത്. ഈ ഉപമിഷന്റെ സാങ്കേതിക വിഭാഗമായാണ് ശുചിത്വമിഷൻ പ്രവർത്തിക്കുന്നത്. മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം ഹരിതകേരളം മിഷനും ശുചിത്വമിഷനും ചേർന്ന് ലഭ്യമാക്കും.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പൗരബോധം വളർത്തൽ, മാലിന്യത്തിന്റെ അളവ് കുറയ്ക്കലും രൂപപ്പെടുന്ന മാലിന്യം ശാസ്ത്രീയമായി തരംതിരിച്ച് സുരക്ഷിതമായി സംസ്കരിക്കലും ഉൾപ്പെടെയുള്ള മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കൽ, സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കൽ തുടങ്ങിയവയെല്ലാമാണ് ഈ ഉപമിഷന്റെ പ്രധാന ലക്ഷ്യങ്ങളായി നിശ്ചയിച്ചിട്ടുള്ളത്.

ജൈവ മാലിന്യങ്ങളെ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള വികേന്ദ്രീകൃത സംവിധാനങ്ങൾ നടപ്പിലാക്കൽ, അജൈവ മാലിന്യങ്ങളെ വൃത്തിയാക്കി തരംതിരിച്ച് ശേഖരിച്ച് പുനചംക്രമണത്തിന് കൈമാറൽ, ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങളൊരുക്കൽ, വലിച്ചെറിയലും കത്തിക്കലും ഒഴുക്കിവിടലും ഉൾപ്പെടെയുള്ള മലിനീകരണ പ്രവർത്തനങ്ങൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കൽ, ജൈവമാലിന്യ പരിപാലനത്തിൽ ഹരിതപെരുമാറ്റച്ചട്ടം (ഗ്രീൻ പ്രോട്ടോക്കോൾ) വ്യാപകമാക്കൽ തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ മേൽസൂചിപ്പിച്ച ലക്ഷ്യങ്ങൾ നേടാനായി നടപ്പിലാക്കി വരുന്നുണ്ട്.

കേരളത്തെ ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി മാറ്റുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് വലിയ ചുവടുവയ്പ് നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്. 660 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനകം തന്നെ ശുചിത്വ പദവി നേടിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവ ശുചിത്വ പദവിയിലേക്ക് നീങ്ങുന്നു. 141 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉൾപ്പെടെ സമ്പൂർണ്ണ ശുചിത്വ പദവിയിൽ ഉടൻ എത്തും. ഒരു വർഷത്തിനകം കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും സമ്പൂർണ്ണ ശുചിത്വ പദവിയിൽ എത്തിക്കാൻ കഴിയും എന്നതാണ് നിലവിലെ പുരോഗതി വ്യക്തമാക്കുന്നത്. പുതിയതായി അധികാരത്തിൽ വന്ന ഭരണ സമിതികൾക്ക് ഇക്കാര്യത്തിൽ ശക്തമായ നേതൃത്വം വഹിക്കാൻ കഴിയും.



# കൃഷി ഉപമിഷൻ

ജൈവ കൃഷിയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷി വികസനത്തിലൂടെ സുരക്ഷിത ഭക്ഷണം സ്വയംപര്യാപ്തമായ രീതിയിൽ ഉൽപ്പാദിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾക്കായാണ് ഹരിതകേരളം മിഷന്റെ കൃഷി ഉപമിഷൻ രൂപീകരിച്ചിട്ടുള്ളത്.

പച്ചക്കറിയിലും നെല്ലിലും പഴവർഗ്ഗങ്ങളിലും സ്വയംപര്യാപ്തത നേടുക, ജൈവമാലിന്യത്തിൽ നിന്നും ഉൽപ്പാദിക്കുന്ന വളം ഉപയോഗിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, തരിശു കിടക്കുന്ന മുഴുവൻ പ്രദേശങ്ങളിലും കൃഷി വ്യാപിപ്പിക്കുക, വിപണി സംവിധാനം പരിഷ്കരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ ഉപമിഷന് നിശ്ചയിച്ചിട്ടുള്ളത്.

നെൽകൃഷി വ്യാപ്തി 2 ലക്ഷം ഹെക്ടറിൽ നിന്ന് 3 ലക്ഷം ഹെക്ടറിലേക്ക് വ്യാപിപ്പിക്കൽ, തരിശ് രഹിത ഗ്രാമങ്ങൾ സൃഷ്ടിക്കൽ,





ഹരിത സമൃദ്ധി വാർഡുകൾ സൃഷ്ടിക്കൽ, സഹകരണ മേഖലയുമായി സംയോജിച്ചുള്ള കൃഷി വ്യാപനം, വ്യവസായ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവയുമായി സഹകരിച്ച് കൃഷി വ്യാപിപ്പിക്കൽ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ മേൽസൂചിപ്പിച്ച ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി നടപ്പിലാക്കി വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൃഷി വകുപ്പിന്റെ സഹായത്തോടെ ഈ മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ നാലുവർഷക്കാലം കഴിഞ്ഞിട്ടുണ്ട്. പുതിയ ഭരണ സമിതികളുടെ നേതൃത്വത്തിൽ ഈ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയാൽ വരുന്ന അഞ്ചുവർഷക്കാലം കൊണ്ട് കാർഷിക മേഖലയിൽ വലിയ കുതിച്ചുചാട്ടം തന്നെ നടത്താൻ കേരളത്തിന് സാധിക്കും.

## ഹരിത സമൃദ്ധി വാർഡുകൾ

കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനത്തിന്റെ ഭാഗമായി വാർഡ് ജനപ്രതിനിധികളുടെ ഇടപെടലിൽ സംസ്ഥാനത്ത് 1344 വാർഡുകൾ ഹരിത സമൃദ്ധി വാർഡുകളായി മാറി.

എല്ലാ വീടുകളിലും ഒരിനം പച്ചക്കറിയെങ്കിലും കൃഷി ചെയ്യുന്ന വാർഡുകളെയാണ് ഹരിതസമൃദ്ധി വാർഡുകൾ എന്ന് അറിയപ്പെടുന്നത്.

ഈ ഭരണ സമിതിയുടെ തുടക്കത്തിൽത്തന്നെ ജനപ്രതിനിധികൾ മുൻകൈയെടുത്താൽ എല്ലാ വാർഡുകളും ഹരിതസമൃദ്ധി വാർഡുകളാക്കി മാറ്റാൻ കഴിയും. അതുവഴി കാർഷിക വികസനത്തിൽ പുതിയൊരു തുടക്കം കുറിക്കാം.

## ഹരിതസമൃദ്ധി വാർഡുകളിൽ നിന്ന് സമ്പൂർണ്ണ ഹരിത വാർഡുകളിലേയ്ക്ക്

ഹരിതസമൃദ്ധി വാർഡുകളല്ല; ഹരിത വാർഡുകളാണ് ഇനി നമ്മൾ ലക്ഷ്യമിടേണ്ടത്. നമ്മുടെ വാർഡിലെ മുഴുവൻ വീടുകളും ഹരിതഭവനങ്ങളാകുന്ന സ്ഥിതി ഒന്ന് ആലോചിച്ച് നോക്കൂ.



എല്ലാ വീടുകളും ഹരിതഭവനങ്ങളായ വാർഡാണ് ഹരിത വാർഡ്. സ്വന്തം വാർഡിനെ എല്ലാ വീടുകളും ഹരിത ഭവനങ്ങളായ ഹരിത വാർഡായി മാറ്റാൻ ജനപ്രതിനിധികളുടെ നിശ്ചയദാർഢ്യത്തോടെയുള്ള ഇടപെടൽ ഉണ്ടെങ്കിൽ സാധിക്കും. ജനപങ്കാളിത്തത്തോടെ ഇതിന് കഴിയും.

## ഹരിത വാർഡ് ആകാൻ നടത്തേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാം

- എല്ലാ വീടുകളിലും ജലസംരക്ഷണ പ്രവർത്തനങ്ങൾ നടക്കണം. അതോടൊപ്പം ജല വിനിയോഗം പരിമിതപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും വേണം.
- എല്ലാ വീടുകളിലും മാലിന്യങ്ങളുടെ തരം തിരിക്കലും സംസ്കരണവും നടക്കണം.
- എല്ലാ വീടുകളിലും സ്ഥലലഭ്യതയനുസരിച്ച് കൃഷി പ്രവർത്തനങ്ങൾ നടക്കണം.
- എല്ലാ വീടുകളിലും ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കണം.
- ഒഴിഞ്ഞുകിടക്കുന്ന പൊതു സ്ഥലങ്ങളിൽ പച്ചത്തുരുത്തുകൾ ഉണ്ടാക്കണം.

## ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെ ചെയ്യാം

- ചരിവുകൂടിയ പ്രദേശങ്ങളിൽ ഒഴികെ മറ്റിടങ്ങളിൽ കഴിയുന്നിടത്തോളം മഴവെള്ളം മണ്ണിലാഴ്ത്താം.
- ജലത്തിന്റെ അമിതോപയോഗം ഇല്ലാതാക്കാം.
- പരമാവധി ജലം പുനരുപയോഗിക്കാം.
- എല്ലാരും ജലാശയങ്ങളിലേക്ക്, ഇനി ഞാനൊഴുകട്ടെ പ്രവർത്തനങ്ങളുടെ തുടർച്ചയായി നീർച്ചാലുകളും തോടുകളും ശുചീകരിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യാം.
- പ്രദേശത്തെ നീർച്ചാലുകളും കുളങ്ങളും ഉൾപ്പെടെയുള്ള എല്ലാ ജലസ്രോതസ്സുകളും മലിനപ്പെടാതിരിക്കാനുള്ള ഇടപെടലുകൾ നടത്താം.





- പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകൾ കൃഷി, കുടിവെള്ളം, മത്സ്യകൃഷി തുടങ്ങിയവയ്ക്കായി ഉപയോഗിച്ച് തുടർപരിപാലനം ഉറപ്പാക്കാം.
- പാറകാറി പോലെയുള്ള ജലസംഭരണികളിൽ കെട്ടിക്കിടക്കുന്ന ജലം ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള ഇടപെടലുകൾ നടത്താം.

## കൃഷി – എന്തൊക്കെ ചെയ്യാം

- എല്ലാ വീടുകളിലും ഒരിനം പച്ചക്കറിയെങ്കിലും കൃഷി ചെയ്യാം.
- ജൈവമാലിന്യങ്ങളെ വളമാക്കി കൃഷിക്ക് ഉപയോഗിക്കാം.
- മുട്ട, മത്സ്യം, പാൽ എന്നിവ ഉൾപ്പെടെയുള്ള സംയോജിത കൃഷി സാധ്യതകൾ പരമാവധി വീടുകളിൽ വ്യാപിപ്പിക്കാം.
- അധികമായി ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ വിപണനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കാം.
- ഭക്ഷ്യവസ്തുക്കളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന കുടുംബശ്രീ സംരംഭങ്ങൾ ആരംഭിക്കാം.
- ഹരിതകർമ്മസേനയെ പ്രയോജനപ്പെടുത്തി കൃഷിക്ക് ആവശ്യമായ ഉൽപ്പാദന ഉപാധികൾ എല്ലാ വീടുകളിലും എത്തിക്കാം.

## മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ എന്തൊക്കെ ചെയ്യാം

- മാലിന്യങ്ങൾ രൂപപ്പെടുന്ന സ്ഥലത്തു തന്നെ അവയെ ജൈവ-അജൈവ ഇനങ്ങളായി തരംതിരിക്കൽ നടത്താം.
- ജൈവ മാലിന്യങ്ങളെ പരമാവധി ജൈവ വളമാക്കി മാറ്റാം.
- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളെ വൃത്തിയാക്കി ഹരിതകർമ്മസേനയ്ക്ക് കൈമാറാം.
- ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് പൂർണ്ണമായി ഉപേക്ഷിക്കാം.
- കഴിയുന്നിടത്തോളം പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്കുപകരം പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉപയോഗിക്കാം.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും പൂർണ്ണമായി ഒഴിവാക്കാം.
- ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാം.

## ഊർജ്ജസംരക്ഷണം എന്തൊക്കെ ചെയ്യാം

- ഫിലമെന്റ് ബൾബുകൾ ഉപയോഗിക്കുന്ന വീടുകൾ കണ്ടെത്തി അവ മുഴുവൻ എൽ.ഇ.ഡി. ബൾബിലേയ്ക്ക് മാറുന്ന

പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പാക്കാം.

- കാര്യക്ഷമതയുള്ള വൈദ്യുത ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ച് ഊർജ്ജോപയോഗം കുറയ്ക്കാം.
- ബയോഗ്യാസ് പ്ലാന്റുകൾ, ടോയ്‌ലെറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയെ പ്രോത്സാഹിപ്പിക്കാം.
- സോളാർ പാനലുകൾ സ്ഥാപിക്കാൻ ശേഷിയുള്ളവരെ കണ്ടെത്തി സൗരോർജ്ജ വൈദ്യുത ഉപയോഗം പരമാവധി പ്രയോജനപ്പെടുത്താം.
- വിറക് ഉപയോഗിച്ച് കത്തിക്കുന്ന സ്ഥലങ്ങളിൽ ഊർജ്ജക്ഷമത കൂടിയ പുകയില്ലാത്ത അടുപ്പുകൾ പ്രോത്സാഹിപ്പിക്കാം.
- അടുക്കളയിലെ ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ചൂടാറാപെട്ടി പ്രോത്സാഹിപ്പിക്കാം.



## പച്ചത്തുരുത്തുകൾ എന്തൊക്കെ ചെയ്യാം

- കഴിഞ്ഞ ഭരണ സമിതിയുടെ കാലത്ത് മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു പച്ചത്തുരുത്തെങ്കിലും സ്ഥാപിച്ചിരുന്നു. എല്ലാ വാർഡുകളിലും പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമുണ്ട്. വാർഡിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം കണ്ടെത്തി, അവിടെ പച്ചത്തുരുത്ത് സ്ഥാപിക്കാം. അതുവഴി പരിസ്ഥിതി പുനസ്ഥാപനത്തിന് തുടക്കമിടാം.
- എല്ലാ വാർഡുകളിലും ഒഴിഞ്ഞുകിടക്കുന്ന പൊതുസ്ഥലങ്ങൾ കണ്ടെത്തി ഭരണ സമിതിയുടെ ആദ്യവികസന സംരംഭമായി ഒരു പച്ചത്തുരുത്തിന് തുടക്കം കുറിയ്ക്കാം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവ ഇതിനായി പ്രയോജനപ്പെടുത്താം. 5 വർഷം കഴിഞ്ഞ് ഈ ഭരണ സമിതി സ്ഥാനമൊഴിയുമ്പോൾ ഭരണ സമതിയുടെ ഓർമ്മത്തുരുത്തുകളായി അവ പച്ചപിടിച്ച് വളർന്നു നിൽക്കും.
- നിലവിലുള്ള പച്ചത്തുരുത്തുകളുടെ പരിപാലനത്തിനുള്ള സംവിധാനം മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വഴി ഉറപ്പുവരുത്താം.
- കാവുകളും, കണ്ടൽക്കാടുകളും സംരക്ഷിച്ചു പരിപാലിക്കുന്നതിനായി പ്രത്യേക ഇടപെടൽ നടത്താം.

**ഹരിതകേരളം മിഷൻ**
സംസ്ഥാന ഓഫീസ്, റ്റി.സി.2/3271(3)(4), കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ., തിരുവനന്തപുരം 695004
ഫോൺ : 0471 2449939, ഇ മെയിൽ : haritham@kerala.gov.in, വെബ്സൈറ്റ് : www.haritham.kerala.gov.in
https://www.facebook.com/harithakeralamission

**ജില്ലാ കോർഡിനേറ്റർമാരുടെ ഫോൺ നമ്പർ**
തിരുവനന്തപുരം- 7558049330 | കൊല്ലം-9447721737 | പത്തനംതിട്ട-9400912190
ആലപ്പുഴ-9497676809 | കോട്ടയം-9447862064 | ഇടുക്കി-9447466229
എറണാകുളം-9446504599 | തൃശൂർ-9446849395 | പാലക്കാട്- 9400583312
മലപ്പുറം-9497541531 | കോഴിക്കോട്-9447768058 | വയനാട്-9495031023
കണ്ണൂർ-9744333345 | കാസർകോട്-9497301687